## ചോദ്യോത്തരം
### മുജീബ്

# പൊന്നാനി, വയനാട് സ്ഥാനാർഥികൾക്ക് നൽകിയ പിന്തുണ

■ *"18 മണ്ഡലങ്ങളിലെ യു.ഡി.എഫ് സ്ഥാനാർഥികൾ നടത്താത്ത എന്തു സാമ്രാജ്യത്വ വിരുദ്ധ പോരാട്ടമാണ് പൊന്നാനിയിലെയും വയനാട്ടിലെയും സ്ഥാനാർഥികൾ നടത്തുന്നത് എന്ന് ജമാഅത്തെ ഇസ്‌ലാമി വിശദീകരിക്കണം. രാഷ്ട്രീയ വിലപേശലിനാണ് ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുന്നത്." കോഴിക്കോട്ട് നടന്ന ഐ.എസ്.എം വിശദീകരണ സമ്മേളനത്തിൽ മുജാഹിദ് നേതാക്കൾ* (മാതൃഭൂമി *2009 ഏപ്രിൽ 4). പ്രതികരണം?*

***അബൂ ഫായിസ് കല്ലായി***

**ഇ**സ്‌ലാമിനെ അരാഷ്ട്രീയവത്കരിക്കാനും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളെ മതരാഷ്ട്രവാദമായി ചിത്രീകരിക്കാനും പെടാപാട് പെട്ടവർ, ദൈനംദിന രാഷ്ട്രീയത്തിൽ അഭിപ്രായ പ്രകടനം നടത്താൻ നിർബന്ധിതമായ സാഹചര്യംതന്നെ പ്രസ്ഥാനത്തിന്റെ മനശ്ശാസ്ത്രപരമായ വിജയമാണ്. അധികം താമസിയാതെ മുജാഹിദ് സംഘടനകൾ സജീവ രാഷ്ട്രീയം കൈയാളുമെന്ന് പ്രതീക്ഷിക്കാനാണ് ന്യായം. സുന്നി പണ്ഡിതൻ എ.പി. അബൂബക്കർ മുസ്‌ലിയാരും പി.ഡി.പി നേതാവ് അബ്ദുന്നാസിർ മഅ്ദനിയും തെരഞ്ഞെടുപ്പിലെ കേന്ദ്ര ബിന്ദുക്കളായി വാഴുന്നത് എത്രകാലമാണ് നോക്കിയിരിക്കുക?

അഞ്ചു വർഷത്തെ യു.പി.എ ഭരണം പൂർണാർഥത്തിൽ ജോർജ് ഡബ്ലിയു ബുഷിനുള്ള അടിമത്തവും ഇസ്രയേലുമായുള്ള കൂട്ടുകെട്ടും മൃദുഹിന്ദുത്വത്തിന്റെ പ്രായോഗികാവിഷ്കാരവും ആയിരുന്നെന്ന സത്യം മനസ്സാക്ഷിയുള്ള ഒരാൾക്കും നിഷേധിക്കാനാവില്ല. അതൊന്നും തങ്ങളുടെ വിഷയങ്ങളല്ലെന്നും ജിന്നും സിഹ്റും താടിരോമങ്ങളുടെ വലിപ്പവും നമസ്കാരത്തിൽ ചൂണ്ടാണി വിരലിന്റെ ഇളക്കവുമാണ് വിശ്വാസികൾക്ക് പ്രധാനമെന്നും വിശ്വസിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്നവർക്കേ ജമാഅത്തെ ഇസ്‌ലാമിയുടെ സുചിന്തിതമായ തെരഞ്ഞെടുപ്പ് നിലപാടിനെ അപഹസിക്കാനാവൂ. ഇനി വരാനിരിക്കുന്ന കേന്ദ്ര സർക്കാറെങ്കിലും സാമ്രാജ്യത്വ ദാസ്യം തുടരുന്നതാവരുത് എന്ന ആത്മാർഥവും ഇസ്‌ലാമികവുമായ ആഗ്രഹമാണ് ഇക്കാര്യത്തിൽ വ്യത്യസ്ത സമീപനം സ്വീകരിക്കുന്ന ഇടതുപക്ഷത്തിന് വോട്ടുനൽകാൻ പ്രേരണ. അതോടൊപ്പം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ഭരണഘടനാദത്തമായ അവകാശങ്ങളോട് താരതമ്യേന പ്രതിബദ്ധതയുള്ള കരുത്തരായ പ്രതിനിധികൾ പാർലമെന്റിൽ ഉണ്ടായിരിക്കേണ്ടതും സച്ചാർ കമ്മിറ്റി ചൂണ്ടിക്കാട്ടിയ പോലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ അനുപേക്ഷ്യമാണെന്ന് മനസ്സിലാക്കി രണ്ട് മണ്ഡലങ്ങളിൽ മാത്രം മറ്റു കാര്യങ്ങൾ അവഗണിച്ച് യു.ഡി.എഫ് സ്ഥാനാർഥികൾക്കും ജമാഅത്ത് പിന്തുണ നൽകുന്നു. ഇതിൽ വൈരുധ്യം കാണുന്നവർ കേരളത്തിൽ 100 ശതമാനവും കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്ന മുസ്‌ലിം ലീഗ് കർണാടകയിലേക്ക് കടന്നാൽ ഒറ്റക്ക് മത്സരിക്കുന്ന വൈരുധ്യത്തെപ്പറ്റി മിണ്ടാത്തതെന്തേ? ലോക്സഭ കർണാടകക്കും കേരളത്തിനും വെവ്വേറെയാണോ? കർണാടകയിൽ മുസ്‌ലിം വോട്ട് കോൺഗ്രസ്സിന് ലഭിച്ചില്ലെങ്കിൽ മുതലെടുക്കുക ബി.ജെ.പിയാണെന്ന് അറിയാത്തതുകൊണ്ടാണോ? ശശി തരൂരിനെപോലെ കടുത്ത സയണിസ്റ്റ് പക്ഷപാതിയായ ഒരു കൊക്കക്കോള പ്രചാരകനെതിരെ പോലും കമാ എന്നുച്ചരിക്കാനാവാതെ വിനീത വിധേയരായി കൈപ്പത്തിയിൽ അമർത്തുന്ന ജിഹാദ് ആർക്കു വേണ്ടിയുള്ളതാണ്? ഇതൊക്കെയൊന്ന് വിശദീകരിക്കാനും ഐ.എസ്.എം സമയം കാണണം.

## വൈകിവന്ന മൂല്യവിചാരം

■ *"രാഷ്ട്രീയരംഗത്താണ് മൂല്യങ്ങൾ ഏറ്റവും അധികം ചോർന്നുപോയത് എന്നതിൽ അധികമാരും തർക്കിക്കുകയില്ല. അതിനാൽ മതബോധമുള്ള മുസ്‌ലിം പുതുതലമുറ രാഷ്ട്രീയത്തിൽനിന്ന് പുറംതിരിഞ്ഞുനിൽക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഫലം രാഷ്ട്രീയം മൂല്യബോധം കുറഞ്ഞവരുടെ കൈകളിൽ ഒതുങ്ങിപ്പോകും എന്നതാണ്. രാഷ്ട്രീയത്തിൽ മൂല്യങ്ങളിലൂന്നി സംസാരിക്കുന്നവരുണ്ടാകണം. രാഷ്ട്രീയം സംസ്കാരമുള്ളവർക്കു ചേർന്നതല്ല എന്ന് പറഞ്ഞ് പിൻമാറിയാൽ സംസ്കാരമുള്ളവരടക്കം സംസ്കാരമില്ലാത്തവരാൽ ഭരിക്കപ്പെടുകയാവും ഫലം. അങ്ങനെ തങ്ങളെ ആരെങ്കിലും ഭരിച്ചുകൊള്ളട്ടെ എന്ന ലാഘവബുദ്ധി ആത്മഹത്യാപരമാണ്. രാഷ്ട്രീയത്തെ അതിനകത്ത് കയറി ശുദ്ധീകരിക്കണം. രാഷ്ട്രീയമാണ് രാഷ്ട്രീയമില്ലെന്നു പറയുന്നവരുടെ കൂടി ജീവിതം നിയന്ത്രിക്കുന്നത്."* (വിചിന്തനം, *മാർച്ച് 13, 2009).*

*നാളിതുവരെ ദേശീയ അന്തർദേശീയ പ്രശ്നങ്ങളിലും മൂല്യരാഹിത്യത്തിലും ഒരു നിലപാടും സ്വീകരിക്കാതിരുന്ന മുജാഹിദ് സംഘടന ഇന്ന് രാഷ്ട്രീയത്തെ മൂല്യവത്കരിക്കണമെന്നും ഗൗരവമായി കാണണമെന്നും ഉണർത്തുന്നു. ഇത് പ്രായോഗികമായ യാതൊരു പദ്ധതിയും തയാറാക്കാതെയുള്ളതാണെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനം രാഷ്ട്രീയ രംഗത്ത് തുടക്കം കുറിച്ച പുതിയ ദൗത്യത്തിന് ഏറെ സഹായകമാവുകയില്ലേ?*

***വി. ഹശ്ഹാശ് കണ്ണൂർ സിറ്റി***

**സ**ത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കാനും നന്മ കൽപി

ക്കാനും തിന്മ തടയാനും ഉത്തരവാദപ്പെട്ട സമുദായമാണ് മുസ്‌ലിംകള്‍ എന്ന് സംശയാതീതമായി വ്യക്തമാക്കിയത് വിശുദ്ധ ഖുര്‍ആനാണ്; ജമാഅത്തെ ഇസ്‌ലാമിയല്ല. നിങ്ങള്‍ നന്മ കല്‍പിക്കുകയും തിന്മ തടയുകയും ചെയ്തില്ലെങ്കില്‍ പൂര്‍വ സമുദായങ്ങളുടെ ഗതിയാണ് വരാന്‍ പോവുന്നതെന്നും ഖുര്‍ആനും പ്രവാചകനും മുന്നറിയിപ്പ് നല്‍കി. അത്തരമൊരു മാതൃകാ സമുദായം എങ്ങനെയാണ് ജീവിതത്തെയാകെ നിയന്ത്രിക്കുന്ന രാഷ്ട്രീയത്തില്‍ മാത്രം മൂല്യത്തകര്‍ച്ച പാതാളത്തോളം എത്തിയാലും നിസ്സംഗരായി നോക്കിനില്‍ക്കുകയേ വേണ്ടൂ എന്ന് തീരുമാനിക്കുക? ഇക്കാര്യത്തിലാണ് നമ്മുടെ മത സംഘടനകള്‍ക്ക് മൗലികമായ തെറ്റു പറ്റിയത്. വൈകിയെങ്കിലും അബദ്ധം ബോധ്യപ്പെട്ടു തിരുത്താന്‍ തയാറായാല്‍ വളരെ നല്ലത്. അല്ലെങ്കിലും ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രപരമായ അധീശത്വത്തെ നിരാകരിക്കാന്‍ മതനിരാസവാദികള്‍ക്കേ കഴിയൂ.

## അരാഷ്ട്രീയവത്കരണത്തിന്റെ ദുര്‍ബല ന്യായീകരണം

■ *കേരളത്തില്‍ ഇസ്‌ലാമിക പ്രബോധനരംഗത്ത് ഭാഗികമായോ പൂര്‍ണമായോ പ്രവര്‍ത്തിച്ചുവന്നിരുന്ന പല മതസംഘടനകളും പക്കാ രാഷ്ട്രീയക്കാരായി തെരുവിലിറങ്ങുകയോ അതിന് കളമൊരുക്കുകയോ ചെയ്യുന്നുണ്ട് എന്ന വര്‍ത്തമാനകാല യാഥാര്‍ഥ്യം ഗ്രഹിച്ച പൊതുജനം എല്ലാ മതസംഘടനകളെയും ഏതെങ്കിലും ഒരു പാര്‍ട്ടിയുടെ ഡമ്മികളായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലൊരു വാലായി മുജാഹിദ് പ്രസ്ഥാനം ഒരുകാലത്തും നിന്നിട്ടില്ല എന്നത് ചരിത്ര വസ്തുതയാണ്. ഇനിയങ്ങനെ നിലനില്‍ക്കുക എന്നത് പ്രസ്ഥാനത്തിന്റെ അജണ്ടയുമല്ല.*

*..... എന്നാല്‍ രാഷ്ട്രീയവും സാമൂഹികവുമായ പൊതുകാര്യങ്ങളില്‍ നന്മയുടെ അടിസ്ഥാനത്തിലുള്ളതും നാടിനും സമൂഹത്തിനും സമുദായത്തിന് പ്രത്യേകിച്ചും ഗുണകരവുമായ ഏതു കാര്യത്തിലും എല്ലാവരോടും സഹകരിച്ചും പിന്തുണച്ചും സുതാര്യമായി നിലകൊള്ളുക എന്ന രീതിയാണ് ഒരിസ്‌ലാമിക പ്രവര്‍ത്തകന് നല്ലതെന്ന് മുജാഹിദ് പ്രസ്ഥാനം മനസ്സിലാക്കുന്നു.....*

*......നിര്‍ഭാഗ്യമെന്ന് പറയട്ടെ ഈ പ്രബോധന പ്രവര്‍ത്തനങ്ങളില്‍നിന്ന് തെന്നിമാറി തെരുവിലെ രാഷ്ട്രീയ ആരവങ്ങളിലേക്ക് എടുത്തുചാടി, ഉള്ള ഊക്കും ഊര്‍ജവും അത്യാവശ്യമല്ലാത്ത തെരുവിലെ കൂത്തുകളില്‍ ചെലവഴിക്കാന്‍ ചെറുപ്പക്കാരെ ഇറക്കിവിടുന്ന പുതിയ രാഷ്ട്രീയക്കാര്‍ കാലിനടിയിലെ മണ്ണ് നീങ്ങിപ്പോവുന്നത് കാണാതെയാണ് പ്രവര്‍ത്തിക്കുന്നത്.....* (അല്‍മനാര്‍, *2009 മാര്‍ച്ച്).*

*1. മുജാഹിദ് പ്രസ്ഥാനം ഒരിക്കലും ഒരു രാഷ്ട്രീയ പാര്‍ട്ടിയുടെയും വാലായി നിന്നിട്ടില്ല എന്ന അവകാശവാദം സത്യസന്ധമാണോ?*

*2. രാഷ്ട്രീയവും സാമൂഹികവുമായ കാര്യങ്ങളില്‍ നാടിനും സമൂഹത്തിനും സമുദായത്തിനും ഗുണകരമായ നിലപാട് ഇന്നതാണെന്നും ഞങ്ങള്‍ ആ നിലപാടിലാണുള്ളതെന്നും മുജാഹിദ് പ്രസ്ഥാനം എപ്പോഴെങ്കിലും 'സുതാര്യമായി' വെളിപ്പെടുത്തിയിട്ടുണ്ടോ?*

*3. 'അത്യാവശ്യമില്ലാത്ത തെരുവിലെ കൂത്തിന് വേണ്ടി രാഷ്ട്രീയത്തിലേക്ക് എടുത്തുചാടി, പ്രബോധന പ്രവര്‍ത്തനങ്ങള്‍ക്ക് ചെലവഴിക്കേണ്ട ഊര്‍ജം നശിപ്പിക്കുമ്പോള്‍ കാലിനടിയിലെ മണ്ണ് നീങ്ങിപ്പോവുമെന്ന് അറിയാതെ പോവുന്നു' എന്ന വിലയിരുത്തലിനെക്കുറിച്ച് എന്തു പറയുന്നു.*

***എ.പി ഇബ്‌റാഹീം കീഴുപറമ്പ്***

**രാ**ഷ്ട്രീയത്തെക്കുറിച്ച തീര്‍ത്തും വികലമായ സങ്കല്‍പമാണ് ഈ ആശങ്കക്കാധാരം. വെള്ളം, വായു, ആഹാരം, വിവാഹം, കുടുംബം, വിദ്യാഭ്യാസം, തൊഴില്‍, സഞ്ചാരം, പൗരാവകാശങ്ങള്‍ എന്നിവയടക്കം എല്ലാറ്റിലും ഇടപെടുന്ന, അപരിമേയമായ അധികാരമുള്ള സ്ഥാപനമാണ് രാഷ്ട്രീയം. അത് കൈയാളുന്നവര്‍ ദൈവഭയമോ മനുഷ്യസ്നേഹമോ ഇല്ലാത്ത തനി ഭൗതികവാദികളും സ്വാര്‍ഥികളും തെമ്മാടികളുമാണെങ്കില്‍ ഇന്നു കാണുംവിധം മനുഷ്യജീവിതം നരകീയമായിത്തീരും. കേരളം ഒരു വര്‍ഷം കുടിച്ചുതീര്‍ക്കുന്ന വിദേശമദ്യം മാത്രം 4650 കോടി രൂപയുടേതാണ്. മൊത്തം സര്‍ക്കാര്‍ ജീവനക്കാരുടെ ശമ്പളത്തിന്റെ പകുതി! നാടന്‍ കള്ളും വ്യാജമദ്യവും കൂടി കണക്കില്‍ ചേര്‍ത്താല്‍ സംഖ്യ ഇരട്ടിയാവും. ഈ മഹാനാശത്തില്‍നിന്ന് രാജ്യത്തെ രക്ഷിക്കേണ്ടതാര്? സെക്യുലര്‍ രാഷ്ട്രീയക്കാരോ? കഴുത്തറുപ്പന്‍ പലിശയും ഊഹക്കച്ചവടവും കൊണ്ട് ലോകസമ്പദ്‌വ്യവസ്ഥയാകെ മുടിഞ്ഞു. രക്ഷിക്കാന്‍ ഒബാമക്കും മന്‍മോഹനും സാധിക്കുമോ? പലിശരഹിത ബദല്‍ സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുകയാണ് പരിഹാരമെങ്കില്‍ അപ്പണി ആര് ചെയ്യും? പെണ്‍ഭ്രൂണഹത്യയും സ്ത്രീപീഡനവും വേശ്യാവൃത്തിയും സ്വവര്‍ഗരതിയും സദാചാരത്തിന്റെ ഒടുവിലത്തെ സീമകളെയും പിച്ചിച്ചീന്തുന്നു. മതേതര രാഷ്ട്രീയക്കാര്‍ ഈ ഭീകര ധര്‍മച്യുതിയില്‍നിന്ന് സമൂഹത്തെ രക്ഷിക്കുമോ? മതം രാഷ്ട്രീയത്തില്‍ ഇടപെടരുത് എന്ന് ബോര്‍ഡ് സ്ഥാപിച്ചാല്‍ മനുഷ്യന്‍ നന്നാവുമോ? അതിനാല്‍ മനുഷ്യ നിര്‍മിത ഭൗതിക പ്രത്യയശാസ്ത്രങ്ങള്‍ നട്ടുവളര്‍ത്തിയ മഹാ തിന്മകളില്‍നിന്ന് ലോകത്തെയും രാജ്യത്തെയും രക്ഷിക്കാന്‍ മൗലിക പ്രധാനമായ രാഷ്ട്രീയ ഭൂമികയില്‍തന്നെ സത്യത്തിന്റെയും നീതിയുടെയും ധര്‍മത്തിന്റെയും ഉറച്ച ഇടപെടലുകളുണ്ടാവണം. അതിനര്‍ഥം ഇസ്‌ലാം പാടെ നിരാകരിച്ച പൗരോഹിത്യവാഴ്ച സ്ഥാപിക്കുക എന്നല്ല. പൗരോഹിത്യത്തെ നൂറ് ശതമാനവും തള്ളിക്കളഞ്ഞവയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍.

അതേസമയം രാഷ്ട്രീയത്തില്‍ വ്യക്തവും വ്യതിരിക്തവും ശക്തവുമായ നിലപാടുകള്‍ മതസംഘടനകള്‍ക്കില്ല. അതിനാല്‍ അവര്‍ നിലവിലെ ജീര്‍ണ രാഷ്ട്രീയത്തിന്റെ വിഴുപ്പു ചുമക്കാന്‍ വിധിക്കപ്പെട്ടിരിക്കുന്നു. ഇനി ചോദ്യങ്ങള്‍ക്കുള്ള ഉത്തരങ്ങള്‍:

ഒന്ന്, ഇസ്‌ലാഹി അഥവാ സലഫി അഥവാ മുജാഹിദ് പ്രസ്ഥാനം മുസ്‌ലിം ലീഗിന്റെ വാലോ ഭാഗമോ ആയിരുന്നിട്ടുണ്ട്. തെളിവുകള്‍:

1. ഇന്ത്യന്‍ മുസ്‌ലിംകളായ നാം നിര്‍വഹിക്കേണ്ടതായ ഒരു പ്രധാന വാജിബ് ഇതാണ്. ഇന്നത്തെ ആള്‍ ഇന്ത്യാ കോണ്‍ഗ്രസ് നടക്കുന്ന മാര്‍ഗം ഇന്ത്യയില്‍ ബ്രിട്ടീഷ് മേധാവിത്വത്തിന്റെ സ്ഥാനത്ത് സവര്‍ണ ഹിന്ദുക്കളുടെ ഏക മേധാവിത്വത്തെ സ്ഥാപിക്കാനുദ്ദേശിച്ച് തയാറാക്കപ്പെട്ടിട്ടുള്ളതാകുന്നു. ഏക ഇലാഹായ അല്ലാഹുവിനെ മാത്രം ആരാധിക്കുക... മുസ്‌ലിംകള്‍ ഈ അവസരത്തില്‍ കോണ്‍ഗ്രസ്സിനോടും ബ്രിട്ടീഷ് ഗവണ്‍മെന്റിനോടും ഒരേ നിലയില്‍ എതിര്‍ത്തുനിന്നുകൊണ്ട് സമരം ചെയ്യുകയേ നിവൃത്തിയുള്ളൂ. അതിനായി ബുദ്ധിയും പ്രായപൂര്‍ത്തിയുമുള്ള എല്ലാ സ്ത്രീപുരുഷന്മാരും ഒന്നാമതായി മുസ്‌ലിം ലീഗില്‍ മെമ്പര്‍മാരായി ചേരണം (അല്‍ *മുര്‍ശിദ്*, ജില്‍ദ് 3, ലക്കം 12, 1938 പേജ് 479,480).

2. 1947 മാർച്ച് അവസാനം ചേർന്ന ജംഇയ്യത്തുൽ ഉലമയുടെ വാർഷിക സമ്മേളനം ശ്രദ്ധേയങ്ങളായ പല പ്രമേയങ്ങളും പാസ്സാക്കിയിരുന്നു. ഈ പ്രമേയങ്ങളിൽ ചിലത് പരിശോധിക്കുമ്പോൾ ജംഇയ്യത്തുൽ ഉലമ അന്നത്തെ മതപരമായ കാര്യങ്ങളിൽ മാത്രമല്ല രാഷ്ട്രീയ കാര്യങ്ങളിലും അവരുടെ അഭിപ്രായം പ്രഖ്യാപിക്കുന്നതിന് അധൈര്യം കാണിച്ചിരുന്നില്ലെന്ന് മനസ്സിലാകുന്നു. പ്രസ്തുത സമ്മേളനത്തിൽ ഇ.കെ മൗലവി സാഹിബ് അവതരിപ്പിക്കുകയും പി.വി മുഹമ്മദ് മൗലവി പിന്താങ്ങുകയും ചെയ്ത ഒരു പ്രമേയം ഇങ്ങനെ വായിക്കാം: "ഇന്ത്യൻ മുസ്‌ലിംകളുടെ അനിഷേധ്യ നേതാവായ ഖാഇദെ അഅ്‌സം മുഹമ്മദലി ജിന്നാ സാഹിബിന്റെ നായകത്വത്തിൽ കേരളത്തിലെ ഉലമാക്കൾക്കുള്ള പരിപൂർണ വിശ്വാസത്തെ ഈ യോഗം രേഖപ്പെടുത്തുകയും മുസ്‌ലിംകളെ അവരുടെ ലക്ഷ്യത്തിലേക്ക് നയിക്കുവാൻ അല്ലാഹു അദ്ദേഹത്തിന് കരുത്തും തൗഫീഖും ആരോഗ്യവും ദീർഘായുസ്സും നൽകട്ടെയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു" (1947ൽ നടന്ന യോഗത്തിന്റെ മിനുട്സിൽനിന്ന്. കേരള ജംഇയ്യത്തുൽ ഉലമ: രൂപീകരണവും പശ്ചാത്തലവും, പി.പി അബ്ദുൽ ഗഫൂർ മൗലവി, ശബാബ് സെമിനാർ പതിപ്പ് '97, പേജ് 136).

രണ്ട്, സുതാര്യത എന്നാൽ ഇന്ത്യൻ സാഹചര്യത്തിൽ ഇസ്‌ലാമികമായി എന്ത് രാഷ്ട്രീയ നിലപാടെടുക്കണമെന്ന് വ്യക്തമാക്കലാണ്. ഇസ്‌ലാമിന്റെ രാഷ്ട്രീയ കാഴ്ചപ്പാട് അവതരിപ്പിക്കണമോ, സാമുദായിക രാഷ്ട്രീയമാണോ ശരി, അഥവാ ക്യാപിറ്റലിസ്റ്റ് സോഷ്യലിസ്റ്റ് മാർക്സിസ്റ്റ് രാഷ്ട്രീയ പാർട്ടികളിൽ ചേർന്ന് പ്രവർത്തിച്ചാൽ മതിയോ, ഓരോന്നിനുമുള്ള ഇസ്‌ലാമിക ന്യായീകരണങ്ങൾ എന്താണ്, ഏതെല്ലാം പാർട്ടികളിലാണ് ചേർന്നു പ്രവർത്തിച്ചുകൂടാത്തത് തുടങ്ങിയ ചോദ്യങ്ങൾക്ക് കൃത്യവും പ്രാമാണികവുമായ വിശദീകരണങ്ങൾ നൽകാതെ നിലപാട് സുതാര്യമാവില്ല. മുജാഹിദ് പ്രസ്ഥാനം ഇന്നേവരെ, ഇത്തരം കാര്യങ്ങൾ വ്യക്തമാക്കിയതായി കണ്ടിട്ടില്ല. അതിനാൽ അനുയായികൾ തോന്നിയ പാർട്ടികളിലൊക്കെ പ്രവർത്തിക്കുന്നു, കിട്ടുന്ന സ്ഥാനങ്ങൾ ഏറ്റെടുക്കുന്നു.

മൂന്ന്, തെരുവിലെ കൂത്തും മൂല്യരഹിത രാഷ്ട്രീയവും ഇസ്‌ലാമിക പ്രബോധകർക്കെന്നല്ല ആർക്കും ഭൂഷണമല്ല. പ്രബോധന സംസ്കരണ ജനസേവന പ്രവർത്തനങ്ങൾ മുറപോലെ തുടരുന്നതോടൊപ്പം രാഷ്ട്രീയത്തിലും ധാർമികവും തത്ത്വാധിഷ്ഠിതവുമായ ഇടപെടൽ എന്നതാണ് ജമാഅത്തിന്റെ നിലപാട്.

## താലിബാനിസം

■ *പെൺവിദ്യാലയങ്ങൾ തകർക്കൽ, താടിയും തൊപ്പിയും വെക്കാത്തവരെ മർദിക്കൽ എന്നിങ്ങനെ താലിബാൻ നടപ്പാക്കുന്ന ശരീഅത്ത് ഇസ്‌ലാമിന് ഭീകരമുഖവും മുസ്‌ലിംകൾക്ക് അപമാനവുമല്ലേ സമ്മാനിക്കുന്നത്?*

***എ.ആർ ചെറിയമുണ്ടം***

**സാ**മ്പ്രദായിക മതസ്ഥാപനങ്ങളുടെ ഉൽപന്നങ്ങളായ താലിബാൻ, ഇസ്‌ലാമിന്റെയും ശരീഅത്തിന്റെയും ജിഹാദിന്റെയും പേരിൽ കാട്ടിക്കൂട്ടുന്നതായി വരുന്ന വാർത്തകൾ നേരാണെങ്കിൽ അവർ കടുത്ത ദ്രോഹമാണ്, സഹിഷ്ണുതയുടെയും വിശാല വീക്ഷണത്തിന്റെയും അതുല്യ മാതൃകയായ ഇസ്‌ലാമിനോട് ചെയ്യുന്നത്. പ്രാകൃത അറബി ജാഹിലിയ്യത്തിനേക്കാൾ മോശമായാണ് അവർ സ്ത്രീകളോട് പെരുമാറുന്നതെന്ന് കരുതേണ്ടിവരും. തീവ്ര യാഥാസ്ഥിതികത്വവും തീവ്ര സലഫിസവും ഒരുപോലെ അപകടകരമാണ്. 'മതത്തിൽ അതിര് കവിയരുത്' എന്ന ഖുർആന്റെ അധ്യാപനം ആരും വിസ്മരിക്കാൻ പാടില്ല. ■